ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

**Procedures in progress in both the houses of Parliament**

2) വയനാട് ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് കേന്ദ്രസർക്കാരിനോട് ഹൈക്കോടതി.

**Kerala High Court said the Union Government to consider writing off loan liabilities of Wayanad landslide victims.**

3) രാജ്യത്ത് ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്ന രണ്ടാമത്തെ സംസ്ഥാനമാകാൻ ഒരുങ്ങി ഗുജറാത്ത്.

**Gujarat to become second state to implement Uniform Civil Code after Uttarakhand.**

4) ഇന്ത്യയിലെ സാമൂഹിക സുരക്ഷാ കവറേജ് കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ഇരട്ടിയായതായി അന്താരാഷ്ട്ര തൊഴിൽ സംഘടന.

**International Labour Organization says, India's social security coverage doubled from 24.4 per cent in 2021 to 48.8 per cent in 2024**

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. 2026-ലെ ഫുട്ബോൾ ലോകകപ്പ് യോഗ്യത സ്വന്തമാക്കി നിലവിലെ ചാമ്പ്യന്മാരായ അർജന്റീന.

**In IPL, Rajasthan Royals will take on Kolkata Knight Riders today. Argentina beat Brazil in FIFA World Cup 2026 qualifier.**

$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**JITHENDRA –NUCLEAR(Intro)**

*പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ബാങ്കിങ് നിയമ ഭേദഗതി അടക്കമുള്ള ബില്ലുകൾ രാജ്യസഭ ഇന്ന് പരിഗണിക്കും. ഇരുസഭകളിലും ചോദ്യോത്തരവേള തുടരുകയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ ആണവോർജ്ജ മേഖലയിൽ രാജ്യം വൻ മുന്നേറ്റം നടത്തിയതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ലോക്സഭയിൽ പറഞ്ഞു. ഹരിയാനയിൽ നിർമ്മിക്കുന്ന പുതിയ ആണവോർജ്ജ നിലയം ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുമെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ വ്യക്തമാക്കി.*

*(ഹോൾഡ്)*

$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**WAYANAD**

വയനാട് ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് കേന്ദ്രസർക്കാരിനോട് ഹൈക്കോടതി. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു ഹൈക്കോടതി ഡിവിഷൻ ബെഞ്ച് . വായ്പാ തുക പുതിയ വായ്പയായി കണക്കാക്കി ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാമെന്ന കേന്ദ്ര നിർദ്ദേശത്തോട് കോടതി യോജിച്ചില്ല.

ഇക്കാര്യത്തിൽ സത്യവാങ്മൂലം സമർപ്പിക്കാനും ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു . പുനരധിവാസ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകൾക്കുള്ള പണം ഈ മാസം 31നകം കൈമാറണം എന്നും കോടതി നിർദ്ദേശിച്ചു. അതേസമയം ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള പുനരധിവാസ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ ഒറ്റനിലയായാണ് വീടുകൾ നിർമിക്കുക.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

### GUJARAT–UCC

ഉത്തരാഖണ്ഡിന് പിന്നാലെ, രാജ്യത്ത് ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്ന രണ്ടാമത്തെ സംസ്ഥാനമാകാൻ ഒരുങ്ങി ഗുജറാത്ത്. കരട് സിവിൽ കോഡ് തയ്യാറാക്കുന്നതിന്, ജസ്റ്റിസ് രഞ്ജന ദേശായിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയ്ക്ക് ഗുജറാത്ത് സർക്കാർ രൂപം നൽകി. എല്ലാവർക്കും തുല്യ നീതി ഉറപ്പാക്കുന്നതിനും ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന ആശയം സാക്ഷാത്കരിക്കുന്നതിനുമായാണ് നടപടിയെന്ന് സംസ്ഥാന നിയമമന്ത്രി ഋഷികേഷ് പട്ടേൽ നിയമസഭയെ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

### ALAHABAD HIGH COURT

ലൈംഗിക പീഡനവുമായി ബന്ധപ്പെട്ട അലഹബാദ് ഹൈക്കോടതിയുടെ വിവാദ ഉത്തരവ് സ്റ്റേ ചെയ്ത് സുപ്രീംകോടതി. മാറിൽ പിടിക്കുന്നതും, വസ്ത്രം അഴിക്കാൻ ശ്രമിക്കുന്നതും ബലാത്സംഗ ശ്രമമായി കാണാൻ കഴിയില്ലെന്നാണ് അലഹബാദ് ഹൈക്കോടതി ഉത്തരവിൽ പറഞ്ഞിരുന്നത്. ജഡ്ജിയുടെ അനുതാപമില്ലായ്മയാണ് ഉത്തരവ് വ്യക്തമാക്കുന്നതെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും, യുപി സർക്കാരിന്റെയും റിപ്പോർട്ടും കോടതി ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

## Social Security Report

രാജ്യത്തെ സാമൂഹിക സുരക്ഷാ കവറേജ് കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ഇരട്ടിയായതായി വേൾഡ് സോഷ്യൽ സെക്യൂരിറ്റി റിപ്പോർട്ട്. 2021 ൽ 24.4 ശതമാനമായിരുന്ന കവറേജ് 2024 ൽ 48.8 ശതമാനം ഉയർന്നതായി അന്താരാഷ്ട്ര തൊഴിൽ സംഘടന തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ ദശാബ്ദത്തിൽ രാജ്യത്ത് 17 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായും, തൊഴിലില്ലായ്മ നിരക്ക് 6 ൽ നിന്നും 3.2 ശതമാനമായി താഴ്ന്നതായും കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$

## INDO-CHINA WMCC MEET

ഇന്ത്യ-ചൈന അതിർത്തി കാര്യ ഏകോപന സംവിധാനമായ, WMCC യുടെ 33-ാമത് യോഗം ഇന്നലെ ചൈനയിലെ ബീജിംഗിൽ ചേർന്നു. യഥാർത്ഥ നിയന്ത്രണ രേഖയിലെ സ്ഥിതിഗതികൾ യോഗം സമഗ്രമായി അവലോകനം ചെയ്തതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതിർത്തിയിലെ നദികളുടെ പരിപാലനം, കൈലാസ്-മാനസസരോവർ യാത്ര തുടങ്ങിയവയും ചർച്ചയായി.

$$$$$$$$$$$$$$$$$$$$$$$$$

## Cash at judge

ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമയുടെ വസതിയിൽ നിന്നും പണം കണ്ടെത്തിയ സംഭവത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ ഡൽഹി പോലീസിന് നിർദ്ദേശം നൽകണമെന്ന ഹർജിയിൽ അടിയന്തര വാദം കേൾക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി. ഹർജി സാധാരണ രീതിയിൽ ലിസ്റ്റ് ചെയ്യുമെന്നും ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$$$$

## S S L C (INTRO)

സംസ്ഥാനത്തെ ഈ വർഷത്തെ എസ് എസ് എൽ സി പരീക്ഷ അവസാനിച്ചു. രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ വൈകുന്നേരം 4.15 ന് അവസാനിക്കും. ഉത്തരക്കടലസുകളുടെ മൂല്യനിർണയം അടുത്ത മാസം 3 മുതൽ ആരംഭിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(വോയിസ്.................)**

$$$$$$$$$$$$$$$$$$$$$$$$$

## Gold Monetisation

ഗോൾഡ് മോണിറ്റൈസേഷൻ പദ്ധതിക്ക് കീഴിലെ, മിഡ്-ടേം, ലോങ്ങ് ടേം നിക്ഷേപ രീതികൾ നിർത്തലാക്കി കേന്ദ്ര ധനമന്ത്രാലയം. വിപണി സാഹചര്യങ്ങൾ മാറിവരുന്നത് പരിഗണിച്ചാണ് തീരുമാനം. എന്നാൽ, ഹ്രസ്വകാല സ്വർണ്ണ നിക്ഷേപ പദ്ധതികൾ ബാങ്കുകൾക്ക് സ്വന്തം നിലയിൽ തുടരാവുന്നതാണെന്നും മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## CHHATTISGARH- MAOISTS SURRENDERED

ഛത്തിസ്ഗഢിലെ സുക്മ ജില്ലയിൽ 6 സ്ത്രീകൾ ഉൾപ്പെടെ 9 മാവോയിസ്റ്റുകൾ കീഴടങ്ങി. 26 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റുകളാണ് കീഴടങ്ങിയത്. ദന്തേവാഡയിൽ ഇന്നലെ നടന്ന ഏറ്റുമുട്ടലിൽ 3 മാവോയിസ്റ്റുകളെ സുരക്ഷാസേന വധിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ഗുവാഹട്ടി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ 11 റൺസിന് പരാജയപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-A

### Football Worldcup Qualifier-

2026-ലെ ഫുട്ബോൾ ലോകകപ്പ് യോഗ്യത സ്വന്തമാക്കി നിലവിലെ ചാമ്പ്യന്മാരായ അർജന്റീന. ബ്രസീലിനെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് വീഴ്ത്തിയാണ് അർജന്റീനയുടെ ലോകകപ്പ് പ്രവേശം. യുറുഗ്വായ്-ബൊളീവിയ മത്സരം സമനിലയിൽ കലാശിച്ചതിനാൽ ബ്രസീലിനെതിരായ മത്സരത്തിനു മുമ്പുതന്നെ അർജന്റീന ലോകകപ്പിലേക്ക് യോഗ്യത നേടിയിരുന്നു. 13 കളികളിലൂടെ 28 പോയിന്റാണ് അർജന്റീന സ്വന്തമാക്കിയത്.

$$$$$$$$$$$$$$$$$$$$$$$$$

### ICC - Qualifiers

വനിത ലോകകപ്പ് ക്രിക്കറ്റ് യോഗ്യത മത്സരങ്ങളുടെ പട്ടിക ഐ സി സി പുറത്ത് വിട്ടു. പാകിസ്ഥാനിലെ ലാഹോറിൽ അടുത്ത മാസം 9 മുതൽ മത്സരങ്ങൾ ആരംഭിക്കും. പാകിസ്ഥാൻ, വെസ്റ്റ് ഇൻഡീസ്, ബംഗ്ലാദേശ്, അയർലൻഡ്, സ്കോട്ട്ലാൻഡ്, തായ്ലാൻഡ് എന്നീ 6 ടീമുകളാണ് മത്സരിക്കുന്നത്. വിജയിക്കുന്ന ആദ്യ 2 ടീമുകൾ ഇന്ത്യയിൽ ഈ വർഷം നടക്കുന്ന 13-ാമത് വനിതാ ലോകകപ്പ് ക്രിക്കറ്റിൽ മാറ്റുരയ്ക്കും.

$$$$$$$$$$$$$$$$$$$$$$$$$

### RUSSIA - UKRAINE - BLACK SEA DEAL

കരിങ്കടൽ മേഖലയിലെ വെടിനിർത്തലിന് റഷ്യയും യുക്രൈനും ധാരണയായതായി അമേരിക്ക. സൗദി അറേബ്യയിൽ നടന്ന മൂന്ന് ദിവസത്തെ ചർച്ചകൾക്ക് ശേഷമാണ് ഈ തീരുമാനം. സുരക്ഷിത ജലഗതാഗതം, സേനാ വിന്യാസം ഒഴിവാക്കൽ, വ്യവസായ കപ്പലുകൾ സൈനിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഇരുരാജ്യങ്ങളും സമ്മതം അറിയിച്ചതായും യു എസ് വ്യക്തമാക്കി. റഷ്യയിൽ നിന്നുള്ള കാർഷിക, രാസവള കയറ്റുമതി സുഗമമാക്കാൻ തീരുമാനം സഹായിക്കും.

$$$$$$$$$$$$$$$$$$$$$$$$$

### Gaza- Egypt -Spain

ഗാസയിൽ ഇസ്രായേൽ നടത്തുന്ന സൈനിക നടപടികളെ വിമർശിച്ച് ഈജിപ്റ്റും സ്പെയിനും. പലസ്തീനികളെ സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കാനുള്ള ഏതൊരു ശ്രമത്തെയും എതിർക്കുമെന്ന് ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ-ഫത്താഹ് എൽ-സിസി പറഞ്ഞു. ഗാസയെ പുനർനിർമ്മിക്കാനുള്ള അറബ് നേതൃത്വത്തിലുള്ള പദ്ധതിയെ പിന്തുണയ്ക്കുന്നതായി സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

**REV. Jay Bhattacharya- NIH**

ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞൻ ജയ് ഭട്ടാചാര്യയെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് മേധാവിയാക്കി നിയമിക്കാൻ യുഎസ് സെനറ്റ് തീരുമാനം. പ്രസിഡന്റ് ഡോണൾഡ് ട്രംപാണ് 18-മത് എൻ.ഐ.എച്ച് മേധാവിയായി ജയ് ഭട്ടാചാര്യയുടെ പേര് നിർദ്ദേശിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$

**TurkIyE - PROTEST**

ഇസ്താംബുൾ മേയർ ഇക്രം ഇമാമോലുവിന്റെ അറസ്റ്റിനെതിരെ തുർക്കിയെയിൽ ജനകീയ പ്രതിഷേധം. വിദ്യാർത്ഥികൾ ഉൾപ്പെടെ ആയിരങ്ങളാണ് ഇസ്താംബുളിൽ നടന്ന പ്രതിഷേധത്തിൽ അണിനിരന്നത്. തുർക്കിഷ് പ്രസിഡന്റ് എർദോഗന്റെ പ്രധാന രാഷ്ട്രീയ എതിരാളിയായ ഇക്രം ഇമാമോലുവിനെ അഴിമതി ആരോപണങ്ങളിലാണ് അറസ്റ്റ് ചെയ്തത്.

$$$$$$$$$$$$$$$$$$$$$$$$$

**WILDFIRES - KOREA**

ദക്ഷിണ കൊറിയയുടെ തെക്കുകിഴക്കൻ മേഖലയിലുണ്ടായ കാട്ടുതീയിൽ 18ലേറെ മരണം. 23,000-ത്തിലധികംപേരെ പ്രദേശത്തു നിന്നും ഒഴിപ്പിച്ചതായി ദക്ഷിണ കൊറിയൻ സർക്കാർ വ്യക്തമാക്കി. 17,000 ഹെക്ടറോളം വനഭൂമിയും കത്തിനശിച്ചു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$

**Trump**

അമേരിക്കൻ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സമൂലമായ മാറ്റം വരുത്തുന്ന എക്സിക്യൂട്ടീവ് ഉത്തരവിൽ യു.എസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ്

ഉത്തരവിട്ടു. വോട്ടർ രജിസ്ട്രേഷന് പൗരത്വത്തിന്റെ രേഖാമൂലമുള്ള തെളിവ് നൽകണമെന്നതാണ് പ്രധാന നിർദേശം.

$$$$$$$$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 61 പോയിന്റ് നഷ്ടത്തിൽ 77,759 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 49 പോയിന്റ് ഇടിഞ്ഞ് 23,619-ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവിലയിൽ വർദ്ധന. പവന് 80 രൂപ വർദ്ധിച്ച് 65,560 രൂപയും ഗ്രാമിന് 8,195 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$$